# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2540** **14/02/2013 ൽ മറുപടിക്ക്**

**കേരളത്തിലെ കാൻസർ രോഗ ബാധിതർ**

**ചോദ്യം**
**ശ്രീ.എം.എ. വാഹീദ്**

**മറുപടി**
**വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാനത്ത് കാൻസർ രോഗം ബാധിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ 2010-11, 2011-12 കാലയളവിൽ ചികിത്സയ്ക്കെത്തിയ രോഗ ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. മലബാർ കാൻസർ സെന്ററിൽ 2001 മുതൽ 2012 വരെ ചികിത്സയ്ക്കെത്തിയവരുടെ കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (ബി) | കാൻസർ രോഗികൾക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; കാൻസർ രോഗ ചികിത്സയ്ക്ക് എന്തെല്ലാം പ്രത്യേക ചികിത്സാ സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | കാൻസർ രോഗികൾക്കുള്ള പെൻഷൻ, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം, മുഖ്യമന്ത്രി, ആരോഗ്യ വകുപ്പ മന്ത്രി എന്നിവരുടെ ദുരിതാശ്വാസനിധി, കേന്ദ്ര ആരോഗ്യ വകുപ്പ മന്ത്രിയുടെ ചികിത്സാ പദ്ധതി, രാഷ്ട്രീയ ആരോഗ്യനിധി, പട്ടികജാതിക്കാർക്കുള്ള സഹായ പദ്ധതി, പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സാ സഹായപദ്ധതി, |

| | | | |
|---|---|---|---|
| | | | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (Society for Medical Assistance to the Poor), കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കാൻസർ സുരക്ഷാ പദ്ധതി അതായത് 18 വയസ്സിനു താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്കുള്ള ചികിത്സാ സഹായം, കാരുണ്യ ബെനവലൻറ് ഫണ്ട്, താലോലം, എൻഡോസൾഫാൻ ബാധിതർക്കുള്ള പൂർണ്ണ ചികിത്സാ സഹായം, ചിസ് പ്ലസ് പദ്ധതി പ്രകാരം 70,000/- രൂപ (എഴുപതിനായിരം രൂപാ മാത്രം) വരെ സൗജന്യ ചികിത്സാ സഹായം എന്നിവയാണ് കാൻസർ രോഗികൾക്കായി സർക്കാർ കൈക്കൊണ്ടിട്ടുള്ള ആശ്വാസ നടപടികൾ. ഇതു കൂടാതെ കാൻസർ ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്കും, രോഗികളെ അനുഗമിക്കുന്ന ഒരാൾക്കും സൗജന്യ നിരക്കിലുള്ള റെയിൽ യാത്രാ സൗകര്യവും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.<br>കാൻസർ രോഗത്തിനുള്ള ആധുനിക ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | റേഡിയേഷൻ ചികിത്സാ സൗകര്യം, ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ബയോ മെഡിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി വിഭാഗം, സി.ടി. സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി. സ്കാൻ, 500 എം.എ. എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം, ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം, എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങളും ആർ.സി.സി.യിലും എം.സി.സി.യിലും ഉണ്ട്. |
| (സി) | കേരളത്തിൽ വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധ സംബന്ധിച്ച് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി ഒരു പഠനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദവിവരം വെളിപ്പെടുത്തുമോ ? | (സി) | പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ